CHRISTIAN MUSICOLOGICAL SOCIETY of INDIA

# മൃതസംസ്കാരം

## Knanaya Catholic Region

**St. Thomas Syro-Malabar Catholic Diocese of Chicago**

*(For private use only)*

***രണ്ടാം ഭാഗം, ദൈവാലയത്തിൽ: പേജ് 7 കോളം 2***
***മൂന്നാം ഭാഗം, സെമിത്തേരിയിൽ: പേജ് 9 കോളം 2***

### ഒന്നാം ഭാഗം: ഭവനത്തിൽ

*(പുരോഹിതൻ തിരുവസ്ത്രങ്ങൾ ധരിച്ച് മൃതശരീരത്തിന്റെ പാദത്തിങ്കൽ ചെന്നുനിന്നുകൊണ്ട് കർമ്മങ്ങളാരംഭിക്കുന്നു. പനിനീരും ചന്ദനത്തിരിയും വെഞ്ചരിക്കുന്നു).*

**1. പനിനീർ വെഞ്ചരിപ്പ്**

അനുതപിക്കുന്ന പാപികളുടെ നിത്യസങ്കേതമായ ദൈവമേ, ഞങ്ങളുടെ പാപമോചനത്തിനായി ഈ പനിനീരിനെ + ആശീർവദിക്കണമേ. ഈ ജലത്താൽതന്നെ ഞങ്ങളെ വിശുദ്ധീകരിക്കുകയും ചെയ്യണമേ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

**ഉത്തരം:** ആമ്മേൻ.

**2. ചന്ദനത്തിരി വെഞ്ചരിപ്പ്**

സുഗന്ധദ്രവ്യങ്ങളുടെയും പരിമള സസ്യങ്ങളുടെയും നാഥനായ ദൈവമേ, അങ്ങയുടെ ബഹുമാനത്തിനും ഞങ്ങളുടെ പാപമോചനത്തിനുമായി ഈ ചന്ദനത്തിരികൾ + ആശീർവദിക്കണമേ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

**ഉത്തരം:** ആമ്മേൻ.

*(കാർമ്മികൻ വെഞ്ചരിച്ച പനിനീർ മൃതദേഹത്തിന്മേൽ തളിക്കുകയും ചന്ദനത്തിരി കുടുംബാംഗങ്ങൾക്ക നല്കുകയും ചെയ്യുന്നു).*

**കാർമ്മി:** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും
പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമെ / അങ്ങയുടെ രാജ്യം വരണമെ. അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ. ഞങ്ങൾക്കു ആവശ്യകമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ, ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതെ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ. എന്തുകൊണ്ടെന്നാൽ /രാജ്യവും ശക്തിയും മഹത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ / അങ്ങയുടെ മഹത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു / മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് ഉൽഘോഷിക്കുന്നു.

**കാർമ്മി:** കർത്താവേ, നിന്നെ ഞങ്ങളാരാധിക്കുകയും നിന്റെ കാരുണ്യത്തെ പുകഴ്ത്തുകയും മഹനീയമായ ത്രിത്വത്തിന്റെ നിഗൂഢമായ ശക്തിയെ സ്തുതിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ നീ ആകാശത്തിന്റെയും ഭൂമിയുടെയും രാജാവും, ജീവന്റെയും മരണത്തിന്റെയും നാഥനുമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

**ശുശ്രൂ:** മനുഷ്യജീവിതം പുല്ക്കൊടിക്കു തുല്യമാകുന്നു; മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി.

*സമൂഹം രണ്ടു ഗണമായി തുടരുന്നു (സങ്കീ. 103)*

മനുഷ്യജീവിതം പുല്ക്കൊടിക്കു തുല്യമാകുന്നു:
വയലിലെ പുഷ്പം പോലെ അതു വിരിയുന്നു.

ചുടുകാറ്റടിക്കുമ്പോൾ വാടിപ്പോവുകയും ചെയ്യുന്നു:
അതു നിന്നിരുന്ന സ്ഥലവും അജ്ഞാതമായിത്തീരുന്നു.

കർത്താവിനെ സ്നേഹിക്കുന്നവരുടെ മേൽ
എന്നും അവന്റെ അനുഗ്രഹമുണ്ടായിരിക്കും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

**ശുശ്രൂ:** മനുഷ്യജീവിതം പുല്ക്കൊടിക്കു തുല്യമാകുന്നു: മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി. പ്രാർത്ഥിക്കാം നമുക്കു സമാധാനം.

**കാർമ്മി:** മണ്ണിൽനിന്ന് ആദത്തെ സൃഷ്ടിച്ചവനും അയാളുടെ സന്താനങ്ങളെ ഉത്ഥാനം വഴി നവീകരിക്കുന്നവനുമായ കർത്താവേ, നിന്നെ ഞങ്ങൾ ആരാധിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, നീ ആകാശത്തിന്റെയും ഭൂമിയുടെയും രാജാവും, ജീവന്റെയും മരണത്തി

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



ന്റെയും നാഥനുമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

*സൂചന: താഴെവരുന്ന സങ്കീർത്തനവും (39) പ്രാർത്ഥനയും ഉപേക്ഷിക്കാവുന്നതാണ്.*

**ശുശ്രൂ:** എന്റെ ദിവസങ്ങൾ എത്ര പരിമിതങ്ങളാകുന്നു. മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി.

*സമൂഹം രണ്ടു ഗണമായി തുടരുന്നു.*

എന്റെ ദിവസങ്ങൾ എത്ര പരിമിതങ്ങളാകുന്നു.
എന്റെ ജീവിതം നിന്റെ മുമ്പിൽ എത്ര നിസ്സാരമാകുന്നു.

എന്തുകൊണ്ടെന്നാൽ
ജീവിതം നിഴൽപോലെ കടന്നുപോകുന്നു.

മനുഷ്യനോ നിക്ഷേപം കൂട്ടുന്നു:
അത് ആർക്കുവേണ്ടിയാണെന്ന് അവനറിയുന്നില്ല.

കർത്താവേ, നീയല്ലാതെ ആരെനിക്കാശ്രയം?
എല്ലാ തിന്മകളിൽനിന്നും എന്നെ രക്ഷിക്കണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

**ശുശ്രൂ:** എന്റെ ദിവസങ്ങൾ എത്ര പരിമിതങ്ങളാകുന്നു. മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി. പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

**കാർമ്മി:** കരുണയാൽ ഞങ്ങളെ സൃഷ്ടിക്കുകയും നീതിയാൽ മരണവിധേയരാക്കുകയും, ദയാധിക്യത്താൽ ഉയിർപ്പിക്കുകയും ചെയ്യുന്ന കർത്താവേ, നിന്നെ ഞങ്ങൾ ആരാധിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ നീ ആകാശത്തിന്റെയും ഭൂമിയുടെയും രാജാവും, ജീവന്റെയും മരണത്തിന്റെയും നാഥനുമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

**ഗാനം**

*(അം കൊലഹോൻ കന്തീശൈക്ക്...)*

**നിന്റെ ദാസന്റെ ആത്മാവിനെ സന്തോഷിപ്പിക്കണമേ.**

നൃപനാം മിശിഹാ കർത്താവേ,
അഴലും മരണവുമില്ലാതെ
ജീവൻ വിളയും രാജ്യത്തിൽ,
വാനവരോടേ ചിരകാലം
ആനന്ദത്തൊടു വാണിടുവാൻ,
ദാസനുവരമിന്നരുളേണം.

**കർത്താവു വലിയവനും സ്തുത്യർഹനുമാകുന്നു.**

ആദിപിതാവാമാദത്തെ,
സൃഷ്ടിച്ചവനാം ദൈവത്തിൽ
ആശ്രയമഖിലമണയ്ക്കുന്നു,
മർത്യനു ശരണം നീയല്ലോ:
ലോകം വ്യർത്ഥം: സകലേശാ,
ഞങ്ങൾക്കരുളുക നവജീവൻ.

**വാഗ്ദാനങ്ങളിൽ കർത്താവു വിശ്വാസ്യനാകുന്നു.**

വിലപിക്കരുതേ മരണത്തിൽ:
പുനരുത്ഥാനം വരുമല്ലോ;
അരുൾ ചെയ്തില്ലേ തിരുനാഥൻ:
ദൃഢമായെന്നിൽ വിശ്വാസം
നിക്ഷേപിക്കും മനുജനു ഞാ-
നന്തിമദിവസമുയിർപ്പേകും..

**നീതിമാൻ വിജ്ഞാനം പ്രസംഗിക്കുന്നു.**

പൗലോസിൻ തിരുവാക്യങ്ങൾ,
ശാന്തി നിനക്കു പകർന്നീടും:
മർത്യനമർത്യത പുണരുന്നു
ക്ഷയമുള്ളോനക്ഷയനാകും.
മർത്യതയേവം സകലേശൻ
നിതരാം നൂതനമാക്കുന്നു.

**ചിറകുവിടർത്തി അവരെ സ്വീകരിക്കുന്നു**

അംബരവീഥിയിലഖിലേശൻ
മിശിഹാരാജനെഴുന്നള്ളും:
പരിശുദ്ധന്മാരണിയണിയാ-
യെതിരേല്പിന്നു നിരന്നീടും,
ആനന്ദത്തിൻ മണിയറയിൽ
ചിരമായ് വാണിടുമവരെല്ലാം.

*സൂചന: തുടർന്നുള്ള പാദങ്ങൾ ഉപേക്ഷിക്കാവുന്നതാണ്.*

**ഇന്നുമുതൽ എന്നേയ്ക്കും**

നിത്യോന്നതമാം സായൂജ്യം
പുല്കുന്നതിനീയാത്മാവും
നിൻ വിളികേട്ടു ശരീരത്തെ
വിട്ടുപിരിഞ്ഞു തിരിക്കുന്നു:
വാനവഗണമാദിനവും കാ-
ത്തക്ഷമരായിക്കഴിയുന്നു.

**അവർ എനിക്കു കയ്പുള്ള ഭക്ഷണം തന്നു.**

പറുദീസായിൽ ക്കനിനീട്ടി
വൃക്ഷം മർത്യനു മൃതിയേകി:
ഗാഗുൽത്തായിൽ ക്കൈനീട്ടി
കുരിശാമർത്യനുയിർപ്പേകി:

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA



മിശിഹാനാഥൻ മരണത്താൽ
മരണത്തിൻ മേൽ ജയമാർന്നു.

**ദൈവമേ, ഞങ്ങൾ തെളിവായിക്കേട്ടു.**

നിന്നുടെ നീതി വിശുദ്ധന്മാർ-
ക്കാനന്ദത്തിൻ പൂന്തേനും
ദുഷ്ടജനത്തിനു പീഡകളും
നല്കീ ഞങ്ങളിതറിയുന്നു:
നാഥാ ഞങ്ങടെ മൃതരെല്ലാം
നകരാവു നിൻ കൃപയെന്നും.

**അവയെല്ലാം നശ്വരങ്ങളാകുന്നു.**

ലോകവുമതിനുടെ യാശകളും
നിശ്ശൂന്യതയിൽ ത്താഴുന്നു:
സത്യം, നീതിയുമെന്നെന്നും
ലയമില്ലാതെ വിളങ്ങീടും:
നിലനില്ക്കുന്നു സകലേശൻ
നല്കുന്നൊരു നിത്യായുസ്സും.

**പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.**

നൃപനാം മിശിഹാ കർത്താവേ,
വാഴ്ത്തിപ്പാടി നമിക്കുന്നേൻ:
വിശ്വത്തിന്റെ വിധാതാവേ,
നല്കണമേ പുനരുത്ഥാനം:
പരിശുദ്ധന്മാർ വാഴുമിടം
ചേർക്കണമെന്നെയുമഖിലേശാ.

**ആദിമുതൽ എന്നേക്കും ആമ്മേൻ.**

മഹിമയൊടന്തിമ വിധിനാളിൽ
കർത്താവേ നീയണയുമ്പോൾ
കരുണയൊടെന്നെ നിറുത്തണമേ
നല്ലവരൊത്തു വലംഭാഗേ:
നല്കണമേ നിത്യായുസ്സിൻ
പരമോന്നതമാം പരിവേഷം.

## ലേഖനം

**ശുശ്രൂ:** എന്റെ സഹോദരരേ, വി. പൗലോസ് ശ്ലീഹാ തെസലോനിക്കക്കാർക്ക് എഴുതിയ ലേഖനം.
*(1 തെസ. 4:13-18)*

എന്റെ സഹോദരരെ, മരിച്ചവരെക്കുറിച്ചു പ്രത്യാശയില്ലാത്തവരെപ്പോലെ നിങ്ങൾ ദുഃഖിക്കരുതെന്നു ഞാൻ ആഗ്രഹിക്കുന്നു. ഈശോ മരണശേഷം ഉയിർത്തെഴുന്നേറ്റു എന്നു നാം വിശ്വസിക്കുന്നു. അങ്ങനെ തന്നെ ദൈവം ഈശോയിൽ മരിച്ചവരെയും അവനോടുകൂടെ ഉയിർപ്പിക്കും. നമ്മുടെ കർത്താവ് ആഗതനാകുമ്പോൾ ജീവിച്ചിരിക്കുന്നവർ മരിച്ചവർക്കു മുമ്പു കടക്കുകയില്ല എന്നു നമ്മുടെ കർത്താവിന്റെ വാക്കുകളിൽ ഞങ്ങൾ നിങ്ങളെ അറിയിക്കുന്നു. എന്തുകൊണ്ടെന്നാൽ, നമ്മുടെ കർത്താവ് അധികാരത്തോടും, പ്രധാന മാലാഖയുടെ ശബ്ദത്തോടും, ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽനിന്ന് എഴുന്നള്ളിവരും. മിശിഹായിൽ മരിച്ചവർ ആദ്യം ഉയിർത്തെഴുന്നേല്ക്കും. അപ്പോൾ ജീവിച്ചിരിക്കുന്നവരായ നാം കർത്താവിന്റെ എതിരേല്പിനായി അവരോടുകൂടെ മേഘങ്ങളിൽ എടുക്കപ്പെടും. നാം എന്നും കർത്താവിനോടുകൂടെ ആയിരിക്കുകയും ചെയ്യും. ആകയാൽ, ഈ വാക്കുകളിൽ നിങ്ങൾ പരസ്പരം ആശ്വസിപ്പിക്കുവിൻ.

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

(മറ്റു ലേഖനഭാഗങ്ങൾ റോമ. 8:10 ..., 1 കൊറി. 15:19 ...)

*സമൂഹം രണ്ടു ഗണമായി ചൊല്ലുന്നു (സങ്കീ. 88)*

കർത്താവേ, എന്റെ രക്ഷകനായ ദൈവമേ,
രാവും പകലും നിന്നോടു ഞാൻ പ്രാർത്ഥിക്കുന്നു.

എന്റെ പ്രാർത്ഥന നിന്റെ പക്കലെത്തട്ടെ:
എന്റെ അപേക്ഷ നീ കേൾക്കണമേ.

## സുവിശേഷം

**കാർമ്മി:** വി. യോഹന്നാൻ എഴുതിയ നമ്മുടെ കർത്താവീശോമിശിഹായുടെ സുവിശേഷം. *(5:24 ...)*

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

എന്റെ വചനം കേൾക്കുകയും, എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവനു നിത്യജീവനുണ്ട് എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. അവൻ വിധിക്കു വിധേയനാവുകയില്ല; മരണത്തിൽനിന്ന് അവൻ ജീവനിലേക്കു പ്രവേശിച്ചു കഴിഞ്ഞിരിക്കുന്നു.

സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും അതു കേൾക്കുന്നവർ ജീവിക്കുകയും ചെയ്യുന്ന സമയം അടുത്തിരിക്കുന്നു: അല്ല, അതു വന്നു കഴിഞ്ഞു. എന്തുകൊണ്ടെന്നാൽ ജീവന്റെ ഉറവിടമായ പിതാവു തന്റെ പുത്രനെയും ജീവന്റെ ഉറവിടമാക്കിയിരിക്കുന്നു. മനുഷ്യപുത്രനായതുകൊണ്ടു വിധികർത്താവാകുവാനുള്ള അധികാരവും അവനു കൊടുത്തിരിക്കുന്നു.

നിങ്ങൾ ഇതിൽ വിസ്മയിക്കേണ്ടാ; എന്തുകൊണ്ടെന്നാൽ, കല്ലറയിലുള്ളവർ അവന്റെ ശബ്ദം കേൾക്കുന്ന സമയം വരുന്നു. അപ്പോൾ നന്മചെയ്തവർ ജീവന്റെ ഉയിർപ്പിനും തിന്മ ചെയ്തവർ വിധിയുടെ ഉയിർപ്പിനുമായി പുറത്തുവരും.

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

*(മറ്റു സുവിശേഷഭാഗങ്ങൾ: യോഹ. 11: 17-45, മത്താ. 25:31 ... യോഹ. 14:1 ... മത്താ. 25:1 ...)*

***പ്രസംഗമുണ്ടെങ്കിൽ ഈ സമയത്തു പറയുന്നു.***

Christian Musicological Society of India

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA



ഈശോമിശിഹാ, ഞങ്ങളിതാ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.

**ജനമെല്ലാം പ്രകീർത്തിക്കട്ടെ.**

ഞങ്ങടെ മർത്ത്യശരീരങ്ങൾ-
ക്കുത്ഥാനം നീയേകുന്നു:
നാഥാ, ഞങ്ങടെയാത്മാവും
രക്ഷിക്കുന്നവനല്ലോ നീ.

**ആമ്മേൻ ആമ്മേൻ എന്നുദ്ഘോഷിക്കുവിൻ.**

സർവ്വേശാ, നീ പരിശുദ്ധൻ
ബലവാനേ, നീ പരിശുദ്ധൻ;
നിത്യനമർത്ത്യൻ പരിശുദ്ധൻ
നിൻ കൃപ ഞങ്ങൾക്കേകണമേ.

**കാർമ്മി:** പാപിനിക്കു പൊറുതി കൊടുത്ത് അവളെ വിശുദ്ധീകരിച്ച കർത്താവേ, നിന്റെ അനുഗ്രഹത്താൽ മരിച്ച വരെ വിശുദ്ധീകരിക്കണമേ. മാലാഖമാരോടുകൂടെ സ്വർഗ്ഗത്തിൽ നിന്നെ സ്തുതിക്കുവാൻ അവരെ യോഗ്യരാക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

**കാർമ്മി:** മരിച്ചവരെ ഉയിർപ്പിക്കുന്നവനും, അവർക്കു നിത്യാശ്വാസം കൊടുക്കുന്നവനുമായ കർത്താവേ, നിന്നെ ഞങ്ങൾ ആരാധിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

## ബോധനഗാനം
### (പുരുഷന്മാർക്ക്)
*(ബ്ഹദ്മിൻ യൗമീൻ ...)*

**കാർമ്മി:** നാഥനണഞ്ഞിടുമന്തിമനാളിൽ
കാരുണ്യമെഴും വിധിയാൽ വാനവരാജ്യം നേടും
മനുജനുഭാഗ്യം.

**സമൂ:** നാഥനണഞ്ഞിടു ...

**കാർമ്മി:** കറയറ്റവനായ്ച്ചിരമഹിമാവിൽ
മിന്നിവിളങ്ങും മുഖമൊടു കല്ലറവിട്ടെഴുന്നേല്ക്കും
മനുജനുഭാഗ്യം.

**സമൂ:** നാഥനണഞ്ഞിടു ...

**കാർമ്മി:** വരിക നിനക്കായാദിമുതൽ ഞാൻ
കരുതിയരാജ്യം നേടുക നാഥനിൽ നിന്നിതു കേൾക്കും
മനുജനുഭാഗ്യം.

**സമൂ:** നാഥനണഞ്ഞിടു ...

### (സ്ത്രീകൾക്ക്)
*(യാദാഹ്ശാവേ....)*

**കാർമ്മി:** മിശിഹാ കർത്താവിൻ ദാസീ വിധിനാളിൽ
കാഹള സംഗീതം നിന്നെ വിളിക്കട്ടെ
മംഗലമറിയമണിഞ്ഞൊരു വെണ്മഹിമദ്യുതിയോടെ.

**സമൂ:** മിശിഹാ കർത്താവിൻ ...

**കാർമ്മി:** നിർമ്മലചരിതകളാം സാറാ, ഏലീശ്വാ
മർത്തയൊടുംകൂടെ കടശിയിലുത്ഥാനം നിതരാം
കനിവാർന്നരുളട്ടെ കർത്താവഖിലേശൻ.

**സമൂ:** മിശിഹാ കർത്താവിൻ ...

**കാർമ്മി:** മൃതിയോർത്തിനി നിങ്ങൾ കദനം തുടരാതെ
രക്ഷാ വചനങ്ങൾ കേട്ടു നടന്നിടുവിൻ:
പുനരുത്ഥാനം വരുമല്ലോ: മരണമുറക്കം താൻ.

**സമൂ:** മിശിഹാ കർത്താവിൻ ...

## സങ്കീർത്തനം
### (പുരുഷന്മാർക്ക്)

**ശുശ്രൂ:** ദൈവമേ; എന്റെ പാപങ്ങൾ കഴുകിക്കളയണമേ. മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി.

*സമൂഹം രണ്ടു ഗണമായി തുടരുന്നു (സങ്കീ. 51)*

ദൈവമേ എന്റെ പാപങ്ങൾ കഴുകിക്കളയണമേ:
എന്റെ തെറ്റുകൾ തുടച്ചുമാറ്റണമേ.

എന്തുകൊണ്ടെന്നാൽ എന്റെ പാപങ്ങൾ ഞാനറിയുന്നു:
ഞാൻ അവയെല്ലാം കണ്ടുകൊണ്ടിരിക്കുന്നു.

നിനക്കെതിരായി ഞാൻ പാപം ചെയ്തുപോയി;
നിന്റെ സന്നിധിയിൽ ഞാൻ തിന്മകൾ പ്രവർത്തിച്ചു.

എന്റെ പാപങ്ങളിൽ നിന്നു മുഖം തിരിച്ചുകളയണമേ:
എന്റെ കുറ്റങ്ങളെല്ലാം തുടച്ചുമാറ്റുകയും ചെയ്യണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

**ശുശ്രൂ:** ദൈവമേ, എന്റെ പാപങ്ങൾ കഴുകിക്കളയണമേ. മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി. പ്രാർത്ഥിക്കാം; നമുക്കു സമാധാനം.

### (സ്ത്രീകൾക്ക്)

**ശുശ്രൂ:** കാട്ടരുവി തേടിനടക്കുന്ന മാൻപേടയെപ്പോലെ
കർത്താവേ, നിന്നെ ഞാൻ തേടിവിളിക്കുന്നു.

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA



സജീവനായ ദൈവത്തെ ഞാൻ ദാഹിക്കുന്നു:
ഞാൻ എപ്പോൾ എന്റെ ദൈവത്തെ കാണും?

രാവും പകലും ഞാൻ കണ്ണീരു കുടിക്കുന്നു:
എന്തുകൊണ്ടെന്നാൽ നിന്റെ ദൈവം എവിടെ എന്ന്
അവർ നിത്യവും എന്നെ പരിഹസിക്കുന്നു.

എന്റെ ആത്മാവേ, നീ എന്തിനു നിരാശപ്പെടുന്നു?
നീ എന്തിനു വിഷാദിച്ചു കലങ്ങുന്നു?
നീ ദൈവത്തിലാശ്രയിക്കുക.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേക്കും ആമ്മേൻ.

**ശുശ്രൂ:** കാട്ടരുവി തേടിനടക്കുന്ന മാൻപേടയെപ്പോലെ കർത്താവേ, നിന്നെ ഞാൻ തേടിവിളിക്കുന്നു. മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി. പ്രാർത്ഥിക്കാം നമുക്കു സമാധാനം.

**കാർമ്മി:** സജീവവും ജീവദായകവുമായ ശബ്ദത്താൽ ലാസറിനെ ഉയിർപ്പിച്ച കർത്താവേ, ആ ശബ്ദം മഹനീയമായ നീതിവിധിയുടെ ദിവസത്തിൽ നിന്റെ ദാസനെ (ദാസിയെ) വിളിക്കുകയും നിന്റെ വലത്തുഭാഗത്തു നിറുത്തുകയും ചെയ്യട്ടെ. പാപങ്ങൾ പൊറുക്കുന്നവനും കരുണ നിറഞ്ഞവനും നീതിമാനുമായ വിധികർത്താവേ, ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

**കാർമ്മി:** കർത്താവേ, മരിച്ചവരെ നീ കരുണാപൂർവ്വം ജീവിപ്പിക്കണമേ. ജീവിക്കുന്നവരെ ദയാപൂർവ്വം പരിപാലിക്കണമേ, ഉത്ഥാനം പ്രതീക്ഷിച്ചു മരണമടഞ്ഞവരെ മഹിമയോടെ ഉയിർപ്പിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ, കർത്താവേ, അനുഗ്രഹിക്കണമേ.

**കാർമ്മി:** സകലത്തിന്റെയും നാഥനായ ദൈവം തന്റെ നീതിമാന്മാരോടും വിശുദ്ധരോടും കൂടെ ഉൽകൃഷ്ടമായ ഉയിർപ്പും മഹനീയമായ നിത്യജീവനും നല്കി സ്വർഗ്ഗരാജ്യമാകുന്ന ഓർശ്ലേത്തേയ്ക്ക് ഈ ആളെ പ്രവേശിപ്പിക്കുമാറാകട്ടെ. നമ്മിൽ നിന്നു വേർപെട്ടുപോയ മിശിഹായുടെ മൗതികശരീരത്തിലെ ഈ അംഗത്തെ അനുഗമിക്കുകയും, ഈ മൃതസംസ്കാരത്തിൽ സഹകരിച്ച് ഈ ആളെ ബഹുമാനിക്കയും ചെയ്ത നിങ്ങളെല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കുമാറാകട്ടെ. അവിടത്തേ കൃപ നിരന്തരം നിങ്ങളിൽ വസിക്കയും അവിടത്തേ കാരുണ്യം നിത്യം നിങ്ങളെ അനുഗമിക്കുകയും ചെയ്യട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂ:** ആമ്മേൻ.

*എല്ലാവരും കുരിശുതൊട്ടു നമസ്കരിച്ചു പിരിഞ്ഞുപോകുന്നു.*



Christian Musicological Society of India
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS